# Official Spokesperson's response to media queries regarding the detention of Indian fishermen from Tamil Nadu by Sri Lankan authorities between 18-20 December 2021

December 21, 2021

**2021 ഡിസംബർ 18-20 തിയ്യതികളിൽ ശ്രീലങ്കൻ അധികൃതർ തമിഴ്നാട്ടിൽ നിന്നുള്ള ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ തടഞ്ഞുവെച്ചതിനെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം**

ഡിസംബർ 21, 2021

**2021 ഡിസംബർ 18 മുതൽ 20 വരെയുള്ള തിയ്യതികളിൽ തമിഴ്നാട്ടിൽ നിന്നുള്ള ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ ശ്രീലങ്കൻ അധികൃതർ തടഞ്ഞുവെച്ചതിനെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടിയായി, ഔദ്യോഗിക വക്താവ് ശ്രീ അരിന്ദം ബാഗ്ചിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു.**

1. 2021 ഡിസംബർ 18 മുതൽ 20 വരെയുള്ള തിയ്യതികളിൽ തമിഴ്നാട്ടിൽ നിന്നുള്ള ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ ശ്രീലങ്കൻ അധികൃതർ കസ്റ്റഡിയിലെടുത്തതിൽ ഞങ്ങൾക്ക് ആശങ്കയുണ്ട്. ഞങ്ങളുടെ വിവരമനുസരിച്ച് 68 മത്സ്യത്തൊഴിലാളികളും 10 ബോട്ടുകളും കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

2. ജാഫ്നയിലെ കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യയുടെ ഉദ്യോഗസ്ഥർ തടവിലാക്കപ്പെട്ട മത്സ്യത്തൊഴിലാളികളെ കാണുകയും ആവശ്യമായ എല്ലാ പിന്തുണയും നൽകുകയും ചെയ്യുന്നതാണ്. ഇതിൽ വസ്ത്രങ്ങൾ, ടോയ്‌ലറ്ററികൾ, ലഘുഭക്ഷണങ്ങൾ, ഉണങ്ങിയ അവശ്യവസ്തുക്കൾ, മാസ്കുകൾ എന്നിവ ഉൾപ്പെടുന്നു, കൂടാതെ ബന്ധുക്കൾക്കുള്ള ഫോൺ കോളുകൾ സുഗമമാക്കുന്നതാണ് . അവർ നിയമപരമായ പ്രാതിനിധ്യത്തിനും ക്രമീകരണങ്ങൾ ഒരുക്കുന്നു.

3. അസുഖബാധിതനായ ഒരു മത്സ്യത്തൊഴിലാളിയുടെ കാര്യത്തിൽ, ഇന്ത്യൻ കോൺസുലർ ഓഫീസർ അദ്ദേഹത്തെ ആശുപത്രിയിൽ സന്ദർശിച്ച് അദ്ദേഹത്തിന്റെ ക്ഷേമം പരിശോധിക്കുന്നതാണ്.

4.കൊളംബോയിലെ ഞങ്ങളുടെ ഹൈക്കമ്മീഷൻ, ഇന്ത്യൻ മത്സ്യത്തൊഴിലാളികളെയും ബോട്ടുകളെയും നേരത്തെ വിട്ടയക്കുന്നതിനുള്ള പ്രശ്നം ശ്രീലങ്കൻ ഗവൺമെന്റുമായി ചർച്ചചെയ്തു.

5. ഈ വിഷയത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികളിൽ നിന്ന് വിദേശകാര്യ മന്ത്രിക്ക് നിവേദനം ലഭിച്ചിട്ടുണ്ട്. ഇക്കാര്യം തമിഴ്നാട് മുഖ്യമന്ത്രിയും അദ്ദേഹത്തെ

വിളിച്ചിരുന്നു. നിലവിലെ സാഹചര്യത്തെ കുറിച്ച് അദ്ദേഹം എല്ലാവരേയും അറിയിക്കുകയും നേരത്തെ മോചനം നേടാനുള്ള ഇന്ത്യൻ സർക്കാരിന്റെ ശ്രമങ്ങൾക്ക് അടിവരയിടുകയും ചെയ്തു.

**ന്യൂ ഡെൽഹി**
**ഡിസംബർ 21, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.